# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1743** **05.02.2019 -ലെ മറുപടിയ്ക്ക്**

**<u>സർവ്വകലാശാലകളിലെ ഉപദേഷ്ടാവ് നിയമനം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>,, വി.കെ. ഇബ്രാഹിം കുഞ്ഞ് | **ഡോ. കെ. ടി. ജലീൽ**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഏതെങ്കിലും സർവ്വകലാശാലകളിൽ വൈസ് ചാൻസലർക്ക് ഉപദേഷ്ടാവിനെ നിയമിയ്ക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് സർവ്വകലാശാലയിലാണ് ഇത്തരം തീരുമാനമെടുത്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (എ)<br>(ബി)<br>&<br>(സി) | കേരള സർവ്വകലാശാല വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ, രജിസ്ട്രാർ എന്നിവർക്ക് സർവീസ്, നിയമം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ഉപദേശം നൽകുന്നതിലേക്കായി ബന്ധപ്പെട്ട മേഖലകളിൽ പ്രാഗത്ഭ്യമുള്ള ഒരു വ്യക്തിയുടെ സേവനം ഓണററി വ്യവസ്ഥയിൽ തേടണമെന്ന വൈസ് ചാൻസലറുടെ നിർദ്ദേശം, കേരള സർവ്വകലാശാല സിൻഡിക്കേറ്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി പുതിയ തസ്തിക സൃഷ്ടിച്ച് ആളെ നിയമിക്കാൻ ഉദ്ദേശിക്കുന്നില്ല. |
| (ബി) | സർവ്വകലാശാലകളിലെ നിയമനം പി.എസ്.സി. മുഖാന്തിരം നടത്താൻ തീരുമാനിച്ചതിനുശേഷം പുതിയ തസ്തികകൾ സൃഷ്ടിച്ച് ഇത്തരത്തിൽ നിയമനം നടത്താൻ തീരുമാനിക്കുന്നത് ചട്ടപ്രകാരമാണെന്ന് കരുതുന്നുണ്ടോ; | | |
| (സി) | എങ്കിൽ നിലവിലില്ലാത്ത തസ്തികകൾ സൃഷ്ടിച്ചും പി.എസ്.സി മുഖാന്തിരമല്ലാതെയും നടത്തുന്ന ഇത്തരം നിയമനങ്ങൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**